(ഇ) സർക്കാർ ഗസറ്റുകൾ പ്രസിദ്ധീകരിക്കുന്നതിനും അവ അയയ്ക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഗസറ്റുകൾ പ്രസിദ്ധീകരിക്കുന്നതിനു മാത്രമായി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസിൽ ഒരു പ്രത്യേക സെക്ഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(3) വൈകികിട്ടിയ ഉത്തരങ്ങൾ

കൃത്രിമരേഖയുണ്ടാക്കി തടി മോഷണം നടത്തുന്ന സംഭവം

96 (769) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുകൊല്ലക്കാലത്ത് ഏതൊക്കെ ഫോറസ്റ്റ് റേഞ്ച് അതിർത്തിയിൽ നിന്നും എത്ര ക്യൂബിക് അടി തടി ചിതലുതിന്നും വെള്ളപ്പൊക്കത്തിൽപ്പെട്ടും നശിച്ച് പോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കാലങ്ങളായി വനംവകുപ്പ് ഉദ്യോഗസ്ഥരും തടി ലേലം വിളിക്കാരും ഗൂഢാലോചന നടത്തി തടികൾ ചിതലുതിന്നു എന്ന പേരിലും വെള്ളപൊക്കത്തിൽ ഒലിച്ചുപോയി എന്നപേരിലും രേഖകളുണ്ടാക്കി തടി മോഷണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ)

1. നിലംബൂർ സൗത്ത് ഡിവിഷൻ കാളികാവ് റെയിഞ്ചിൽ നിന്നും 288 കഷണം മുളകളും.
2. നിലംബൂർ നോർത്ത് ഡിവിഷനിൽ നിലംബൂർ റെയിഞ്ചിൽ നിന്നും 3 ക്യൂ.മി. തൊണ്ടിത്തടികളും.
3. തൃശൂർ ഡിവിഷൻ മച്ചാട് റെയിഞ്ചിൽ നിന്നും 2 ക്യൂ.മി തടിയും പട്ടിക്കാട് റെയിഞ്ചിൽ നിന്ന് 1.3 ക്യൂ.മീ തടിയും വടക്കാഞ്ചേരി റെയിഞ്ചിൽ നിന്നും 0.7 ക്യൂ.മീ തടിയും.
4. വയനാട് സൗത്ത് ഡിവിഷൻ കൽപ്പറ്റ റെയിഞ്ചിൽ നിന്നും 0.38 ക്യൂ.മീ വെള്ളമരവും വെള്ളപ്പൊക്കത്തിലും ചിതൽ തിന്നും നശിച്ചുപോയിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നെയ്യാർ ഡാമിലെ ചീങ്കണ്ണി സർവ്വേ

97 (772) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ജലസംഭരണിയിൽ എത്ര പ്രാവശ്യം ചീങ്കണ്ണി സർവ്വേ നടത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly